പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3591 — 22.08.2017 — ൽ മറുപടിക്ക്

# ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഡി.കെ. മുരളി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ വിശദാംശം നല്കാമോ; | (എ) അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ **(identification of priority households)**, വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം **(door step delivery)**, റേഷൻ സാധനങ്ങൾ ഓൺലൈൻ നിയന്ത്രണത്തിലൂടെ അനുവദിക്കൽ **(Online allocation)**, പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)** എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്നത്. |
| (ബി) കേരളത്തിൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (ബി) ഉണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ചുള്ള റേഷൻ വിതരണം 2016 നവംബർ മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ അനുശാസിക്കുന്ന രീതിയിലുള്ള റേഷൻകാർഡ് വിതരണം, വാതിൽപ്പടി വിതരണം എന്നിവ സംസ്ഥാനത്ത് നടന്നു വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള ബയോമെട്രിക് സംവിധാനം ഉൾപ്പെടുന്ന ഇ-പോസ് മെഷീൻ എല്ലാ റേഷൻ കടകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. |

*സെക്ഷൻ ഓഫീസർ*